# പതിമൂന്നാം കേരളനിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1117** | **11.02.2016 ലെ മറുപടിയ്ക്ക്**

## അദ്ധ്യാപകപാക്കേജ്

### ചോദ്യം

ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.പി. ശ്രീരാമകൃഷ്ണൻ
ശ്രീ.എം.ഹംസ
ശ്രീ.രാജു എബ്രഹാം

(എ) അദ്ധ്യാപകപാക്കേജിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ;

(ബി) അദ്ധ്യാപകപാക്കേജിലെ ഏതെല്ലാം വ്യവസ്ഥകളാണ് ഹൈക്കോടതി റദ്ദാക്കിയിട്ടുള്ളത്; ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ എന്തെന്ന് അറിയിക്കാമോ;

### ഉത്തരം

ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസവകുപ്പുമന്ത്രി)

(എ) യും (ബി) യും ബഹു.ഹൈക്കോടതിയുടെ 17.12.2015 ലെ WP(C)19008/13 തുടങ്ങിയ കേസുകളിലെ വിധി ന്യായത്തിൽ ബഹു.ഹൈക്കോടതി 04.08.2014 ൽ സ.ഉ. (പി) നം.154/14/പൊവിവ പ്രകാരം അധ്യാപകപാക്കേജ് സംബന്ധമായി കൊണ്ടുവന്ന കെ.ഇ.ആർ. ഭേദഗതിയും അദ്ധ്യാപക പാക്കേജ് സംബന്ധിച്ച് സർക്കാർ 06.08.2015 ൽ പുറപ്പെടുവിച്ച സ.ഉ. (പി) നം. 213/15/ പൊവിവ നമ്പർ ഉത്തരവും, ചില ഭേദഗതികളോടെയും റദ്ദാക്കലുകളോടെയും നിലനിർത്തുക യുണ്ടായി. താഴെപ്പറയുന്ന വ്യവസ്ഥകൾ റദ്ദാക്കിയിട്ടുണ്ട്.

1. 2010-11 നെ അടിസ്ഥാനമാക്കി തുടർ വർഷങ്ങളിലുള്ള തസ്തികനിർണ്ണയം റദ്ദാക്കി
2. 1:45 അനുപാതത്തിൽ I-VIII വരെ ക്ലാസുകളിൽ തസ്തികനിർണ്ണയത്തിനുള്ള അനുപാതം റദ്ദാക്കി.
3. അദ്ധ്യാപകനിയമനങ്ങൾക്ക് മാനേജർമാർ മുൻകൂർ അനുമതി വാങ്ങണമെന്ന കെ.ഇ.ആർ ഭേദഗതി വ്യവസ്ഥ റദ്ദാക്കി.
4. അദ്ധ്യാപകരുടെ നിലവാരം പരിശോധിക്കുന്നതിനുള്ള മോണിറ്ററിംഗ് സമിതി വ്യവസ്ഥ റദ്ദാക്കി.

5. ഹയർലെവൽ വെരിഫിക്കേഷൻ സംബന്ധിച്ച കെ.ഇ.ആർ വ്യവസ്ഥ റദ്ദാക്കി.

ഹൈക്കോടതി ഉത്തരവിനെതിരായി സർക്കാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പീലിനു വിധേയമായി, കോടതി ഉത്തരവിനനുസൃതമായ രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് 29.01.2016 ലെ സ.ഉ.(പി) നം. 29/16/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം 2012-13 വർഷം മുതൽ എൽ.പി.യിൽ (I-V) വരെ ക്ലാസുകളിൽ 1:30 ഉം യു.പി.യിൽ (VI-VIII) വരെ ക്ലാസുകളിൽ 1:35 ഉം എന്ന രീതിയിൽ ക്ലാസ് തലത്തിൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചു.

| | |
|---|---|
| (സി) എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമനത്തിന് മുൻകൂർ അനുമതി വേണമെന്ന് പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്നോ; ഇത് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; | (സി) വ്യവസ്ഥ ചെയ്തിരുന്നു. ഇത് റദ്ദാക്കിയിട്ടുണ്ട്. |
| (ഡി) ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപകനിയമനത്തിന് മുൻകൂർ അനുമതി വാങ്ങണമെന്ന് കെ.ഇ.ആറിൽ ഭേദഗതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം വിദ്യാഭ്യാസഅവകാശനിയമം അനുശാസിക്കും വിധമാകണമെന്ന ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്താൻ തയ്യാറാകുമോ? | (ഇ) ഹൈക്കോടതി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിനു വിധേയമായി 29.01.2016 ലെ സ.ഉ.(പി) നം. 29/16/ പൊവിവ പ്രകാരം ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ